കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയർമാർ / ഓവർസിയർമാർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ / സാങ്കേതികാനുമതി / മെഷർമെന്റ് / ചെക്ക് മെഷർമെന്റ് - അധികാരപരിധി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) 2688/2015/തസ്വഭവ** **തിരുവനന്തപുരം, തീയതി, 04.09.2015**

---

പരാമർശം: 1. 06.04.2013 ലെ സ.ഉ.(കൈ) 145/13/തസ്വഭവ നമ്പർ ഉത്തരവ്.

2. 27.05.2008 ലെ നം.33646/ഇ.പി.എ 3/2008/തസ്വഭവ നമ്പർ കത്ത്.

3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 04.05.2015 ലെ 25358/ഇ.ജി.എസ്-എ/12/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ / ഓവർസിയർ എന്നിവരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ / സാങ്കേതികാനുമതി / ചെക്ക് മെഷർമെന്റ് അധികാരപരിധി സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) 2015-ാം ആണ്ട് ഏപ്രിൽ മാസം 30-ാം തീയതി 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി ചേർന്ന യോഗത്തിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ / ഓവർസിയർ എന്നിവരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ / സാങ്കേതികാനുമതി / ചെക്ക് മെഷർമെന്റ് അധികാരപരിധി കാലോചിതമായി പരിഷ്കരിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സേവനം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് ഉറപ്പാക്കുന്നതിനും തീരുമാനിച്ചിരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ / സാങ്കേതികാനുമതി / ചെക്ക് മെഷർമെന്റ് എന്നിവക്കുള്ള അധികാരപരിധി പുനർ നിർണ്ണയിക്കണമെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ / സാങ്കേതികാനുമതി / ചെക്ക് മെഷർമെന്റ് എന്നിവക്കുള്ള അധികാരപരിധി ചുവടെ സൂചിപ്പിക്കും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | അധികാരി | നിലവിലെ അധികാരം | | | | അധികാരം പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം | | | |
|---|---|---|---|---|---|---|---|---|---|
| | | എസ്റ്റിമേറ്റ് തയ്യാറാക്കൽ | സാങ്കേതിക അനുമതി | മെഷർമെന്റ് | ചെക്ക് മെഷർമെന്റ് | എസ്റ്റിമേറ്റ് തയ്യാറാക്കൽ | സാങ്കേതിക അനുമതി | മെഷർമെന്റ് | ചെക്ക് മെഷർമെന്റ് |
| 1 | അക്രഡിറ്റഡ് ഓവർസിയർ | 3,00,000 | - | 3,00,000 | - | 5,00,000 | - | 5,00,000 | - |
| 2 | അക്രഡിറ്റഡ് എഞ്ചിനീയർ/ എൽ.എസ്. ജി.ഡി. അസിസ്റ്റന്റ് എനഞ്ചിനീയർ | പരിധിയില്ല | 3,00,000 | പരിധിയില്ല | 3,00,000 | പരിധിയില്ല | 5,00,000 | പരിധിയില്ല | 5,00,000 |
| 3 | എൽ.എസ്. ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | പരിധിയില്ല | 15,00,000 | പരിധിയില്ല | 15,00,000 | പരിധിയില്ല | 20,00,000 | പരിധിയില്ല | 20,00,000 |

കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകൽ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ആവശ്യമായ എല്ലാ പിന്തുണയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്കിലെ അക്രഡിറ്റഡ് എഞ്ചിനീയർ നൽകേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി

To

1. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ